## എൻറെ കേരളം

## പാഠാസൂത്രണം

**ക്ലാസ് : 2** **തീയതി :**
**യൂണിറ്റ് :1** **പീരീഡ് :**

### മലയാളം

**ആശയങ്ങൾ /ധാരണകൾ**

*ആശയങ്ങൾ ഇച്ഛാനുസരണം ഒഴുക്കോടെ ആവിഷ്കരിക്കാനുള്ള ഉപാധിയാണ് ഭാഷ. *കവിതകൾ ഈണത്തിൽ താളത്തിൽ ചൊലി അവതരിപ്പിക്കുന്നത് ആസ്വാദനത്തെ സഹായിക്കും.

* ആശയ പൂർണമായ വാക്യങ്ങൾ നിർമിക്കുന്നതിന് അനുയോജ്യമായ സംയോജനം ആവശ്യമുണ്ട് .

*വായനയിലൂടെ വിളി ഗ്രഹിച്ച കാര്യങ്ങൾ ക്രമീകരിച്ച് അവതരിപ്പിക്കുന്നത് ഒരു ഭാഷാ പ്രയോഗ ശേഷിയാണ് .

*വാക്കുകളെ പൂർണതയോടെ സംയോജിപ്പിച്ച് ഉണ്ടാവുന്നതാണ് വാക്യം . *ശരിയായ ആശയവിനിമയത്തിന് ഭാഷയുടെ ലിഖിതരൂപത്തിൽ യുക്തമായ ചിഹ്നങ്ങൾ ചേർക്കേണ്ടതുണ്ട് .

*ആശയ പ്രകടനത്തിന് ഉച്ചാരണശുദ്ധിയോടെയുള്ള ശ്രവ്യ വായന ആവശ്യമാണ്.

**പഠനനേട്ടങ്ങൾ**

*കണ്ടതോ കേട്ടതോ വായിച്ചതോ ആയ കാര്യങ്ങൾ ആശയം ചോർന്നുപോകാതെ പറയുന്നു .

*കുട്ടിക്കവിതകൾ ഈണം, താളം, ഭാവം എന്നിവയോടെ ചൊലി അവതരിപ്പിക്കുന്നു. * സമാനതകളുള്ള വരികൾ കൂട്ടിച്ചേർത്ത് കവിത വികസിപ്പിക്കുന്നു ;ചൊലുകയും എഴുതുകയും ചെയ്യുന്നു .

*സ്വായത്തമാക്കിയ പദങ്ങൾ ഉപയോഗിച്ച് ആശയ പൂർണതയോടെ വാക്യങ്ങൾ , ലഘുവിവരണം എന്നിവ എഴുതുന്നു.

* ലഘു വിവരണങ്ങൾ വായിച്ച് ആശയം കണ്ടെത്തി പറയുന്നു . *ഉച്ചാരണശുദ്ധിയോടെ വായിക്കുന്നു.

*സ്വന്തം ആശയങ്ങൾ ലഘു വാക്യങ്ങളിൽ എഴുതുന്നു .

*പൂർണവിരാമം(.), ചോദ്യചിഹ്നം (?), അങ്കുശം (, )എന്നീ ചിഹ്നങ്ങളുടെ പ്രാധാന്യം സ്വയം തിരിച്ചറിഞ്ഞ് എഴുതുന്നു, വായിക്കുന്നു .

*അക്ഷരങ്ങളുടെ ശരിയായ ഉച്ചാരണം തിരിച്ചറിഞ്ഞ് ഉറക്കെ വായിക്കുന്നു . പദങ്ങളും വാക്യങ്ങളും പറയാനും എഴുതാനും കഴിയുന്നു .

സാമഗ്രികൾ ചാർട്ട്, പേപ്പർ , ടിബി , വാക്യങ്ങൾ എഴുതിയ സ്ട്രിപ്പ്

വർക്ക് ഷീറ്റ് , ചിത്രങ്ങൾ , ഐ. സി . ടി . ഉല്പന്നം

കവിത, കുട്ടികൾ ഉണ്ടാക്കുന്ന കവിത എഴുതിയ ചാർട്ട് , ലേഖനം യോജിപ്പിച്ച വാക്യങ്ങൾ, അനുഭവവിവരണം , ആശയം ക്രമീകരിച്ച് ഒട്ടിച്ച് ചാർട്ട്, വിവരണം , പൂരിപ്പിച്ച വർക്ക് ഷീറ്റ് , ലഘുവാക്യങ്ങൾ, ലേഖനം.

മൂല്യം /മനോഭാവം കേരളത്തിൻറെ പ്രകൃതി സൗന്ദര്യം അറിയുക. സ്വന്തം പ്രദേശത്തിന്റെ സൗന്ദര്യം വർണിക്കുക.

## പരിസരപഠനം

**ആശയങ്ങൾ /ധാരണകൾ**

* ഓരോ നാടിനും അതിന്റേതായ പ്രത്യേകതകൾ ഉണ്ട് .

*നാട്ടിൽ വിവിധ തൊഴിലുകൾ ചെയ്യുന്നവർ ഉണ്ട് .

*ഓരോ നാട്ടിലും പല തരം കളികളുണ്ട് . *നാട്ടിൽ പൊതു ഇടങ്ങളും സ്ഥാപനങ്ങളുമുണ്ട് .

*ജനങ്ങളുടെ കൂട്ടായ്മയിലൂടെയാണ് നാടിന്റെ പുരോഗതി സാധ്യമാകുന്നത് .
പഠനനേട്ടങ്ങൾ

*സ്വന്തം പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ സവിശേഷതകൾ തിരിച്ചറിഞ്ഞു പറയുകയും എഴുതുകയും ചെയ്യുന്നു .

*സ്വന്തം പ്രദേശത്തെ തൊഴിലുകൾ അന്വേഷിച്ച് പട്ടികപ്പെടുത്തുന്നു . നിഗമനം രൂപീകരിക്കുന്നു .

*നാട്ടിലെ കളികൾ , കളി രീതികൾ എന്നിവ വ്യത്യസ്തമാണെന്ന് തിരിച്ചറിയുകയും ഏതാനും കളികളിൽ ഏർപ്പെടുകയും ചെയ്യുന്നു .

*നാട്ടിലെ പൊതു ഇടങ്ങൾ, അവിടങ്ങളിലെ സേവനങ്ങൾ എന്നിവ അന്വേഷിച്ചു കണ്ടെത്തി അവതര...

**സാമഗ്രികൾ**

ടിബി , വർക്ക് ഷീറ്റ്, ചിത്രങ്ങൾ

നിരീക്ഷണക്കുറിപ്പ് , സർവ്വേ ഫോർമാറ്റ് , വിവരശേഖരണം , വർക്ഷീറ്റ്

**മൂല്യം / മനോഭാവം**

തന്റെ പ്രദേശത്തിന്റെ ഭൂസ്ഥിതിപരമായ വ്യക്തി പ്രത്യേകതകൾക്കനുസരിച്ച് ആളുകൾ തൊഴിലുകളിൽ ഏർപ്പെടുന്നു . *വിവിധങ്ങളായ തൊഴിലുകൾ ചെയ്യുന്നവർ നാട്ടിലുണ്ട്.

## കലാ -കായിക -ആരോഗ്യ - പ്രവൃത്തിപഠനം

**ആശയങ്ങൾ /ധാരണകൾ**

പ്രകൃതിയുടെ സ്വാഭാവികമായ രൂപ വിന്യാസം ഉൾക്കൊണ്ട് ചിത്രീകരിക്കുന്നു.

* വരികളുടെ ആശയം ഗ്രഹിച്ച് താളാത്മകമായി പാടൽ.

* ടീച്ചറുടെ നിർദ്ദേശാനുസരണം കളികളിൽ ഏർപ്പെടുന്നു.

* തൊഴിലുകളുടെ വ്യത്യസ്ത തിരിച്ചറിയുന്നു.

* തൊഴിലിന്റെ ശാരീരിക ചലനങ്ങൾ തിരിച്ചറിയുന്നു.

* വിവിധ കൗതുക വസ്തുക്കളുടെ നിർമ്മാണം

**പഠനനേട്ടങ്ങൾ**

വാതിൽപ്പുറ ചിത്രീകരണം നടത്തുന്നു . ശബ്ദക്രമീകരണത്തോടെ പാടുന്നു . പ്രാദേശികമായി പരിചയമുള്ള കളികൾ നിരീക്ഷിക്കുന്നു. കളികളിൽ ഏർപ്പെടുന്നു. വിവിധ തൊഴിലുകൾ , പ്രവൃത്തികൾ അനുകരിക്കുന്നു .

*ചുറ്റുപാടും ലഭിക്കുന്ന വസ്തുക്കൾ ഉപയോഗിച്ച് കൗതുകവസ്തുക്കൾ നിർമ്മിക്കുന്നു.

**സാമഗ്രികൾ**

ക്രയോൺസ് , ചാർട്ട് പേപ്പർ , എ 4 പേപ്പർ , കളികളുടെ ചിത്രങ്ങൾ , വിവിധ കളികൾ അടങ്ങിയ സിഡി , മച്ചിങ്ങ , ഈർക്കിൽ , പലതരം ഇലകൾ.

**പ്രകടിതരൂപം**

പട്ടിക , വിവരണം, കളികളിൽ ഏർപ്പെടൽ , കവിതാലാപനം , അഭിനയം , ഈണത്തിൽ ചൊലൽ , കളിപ്പാട്ട നിർമ്മാണം .

## പ്രവർത്തനങ്ങൾ

ചോദ്യോത്തര പാട്ട്

കുട്ടികളെ രണ്ട് സംഘങ്ങളാക്കുന്നു.

പറയൂ പറയൂ ചങ്ങാതികളേ

നിങ്ങളുടെ വീട്ടിൽ എന്തുണ്ട്?

പറയാം പറയാം ചങ്ങാതികളെ

എന്നുടെ വീട്ടിൽ പന്തുണ്ട്.

കൂടുതൽ വസ്തുക്കളുടെ പേര് ചേർത്ത് രണ്ട് ഗ്രൂപ്പും മാറി മാറി ചോദിക്കുന്നു ഉത്തരം പറയുന്നു.

പേജിൽ 6,7 ചിത്രനിരീക്ഷണം ചിത്രത്തിലെ കാര്യങ്ങൾ ഉൾപ്പെടുത്തി പാട്ടിലൂടെ ഉത്തരങ്ങൾ പറയൽ

**വായിക്കാം കണ്ടെത്താം**

നിങ്ങളുടെ നാട്ടിലുള്ള കാര്യങ്ങൾ തന്നെയാണോ കവിതയിലും പറഞ്ഞിട്ടുള്ളത് ?

**കവിത വായന**

മനസ്സിലാക്കിയ കാര്യങ്ങൾ പങ്കുവെക്കൽ കവിത ഈണത്തിൽ ചൊലി അവതരിപ്പിക്കൽ

ആശയവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ ചോദിക്കൽ

*കാട്ടുചോല എങ്ങനെയാണ് ഒഴുകുന്നത് ?

*എന്താണ് വെള്ളിയരഞ്ഞാണം പോലെ തുള്ളിക്കളിക്കുന്നത്?

മലയുടെ നിറമെന്താണ് ?

പീലി നിവർത്തി നിന്നാടുന്നത് എന്താണ് ?

**കവിതാലാപനം**

കവിത ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുന്നു . വ്യത്യസ്ത ഈണങ്ങൾ കണ്ടെത്താൻ അവസരം . അവതരണം. ഏത് ഗ്രൂപ്പിന്റെ അവതരണമാണ് മികച്ചത് ? ചർച്ച

**സുന്ദരമായ നാട്**

നാടിനെ സുന്ദരമാക്കുന്നത് എന്തെലാമാണ്? ലഘു ചർച്ച

എന്റെ നാട് എന്നെഴുതിയ ചാർട്ട് പ്രദർശിപ്പിക്കുന്നു

പദസൂര്യൻ പൂർത്തിയാക്കുന്നു

**വരച്ച് യോജിപ്പിക്കൂ.....**

ഈ പദങ്ങൾ ഉപയോഗിച്ച് വാക്യങ്ങൾ എഴുതൂ...

**നിറം നൽകാം** ...

**കവിതയിൽ നിന്നു കണ്ടെത്തി എഴുതാം**

ടിബി പേജ് 9 ചർച്ച

**അനുഭവം പറയാം എഴുതാം**

നിങ്ങൾ അവധിക്കാലം എങ്ങനെയെലാമാണ് ചെലവഴിക്കാറുള്ളത്?

അവധിക്കാല വിശേഷങ്ങൾ പങ്കുവയ്ക്കൽ

ഇതുപോലെ അഭിനന്ദും നന്ദനയും അവരുടെ അവധിക്കാലം എങ്ങനെയാണ് ചെലവഴിച്ചതെന്ന് പാഠ പുസ്തകത്തിൽ പറയുന്നുണ്ട്. വായിച്ചു നോക്കൂ...

**ഒരു അവധിക്കാലത്ത്**

**ആശയഗ്രഹണ ചോദ്യങ്ങൾ**

അവധിക്കാലത്ത് ആരുടെ വീട്ടിലേക്കാണ് അഭിനന്ദും നന്ദനയും പോകുന്നത് ?
വസ്ത്രങ്ങൾ അടുക്കിവയ്ക്കുന്നതിനിടയിൽ അമ്മ എന്താണ് പറഞ്ഞത്?
ബാഗുകൾ എടുത്ത് കാറിനടുത്തെത്താൻ കൂടുതൽ സമയം അവർക്ക് വേണ്ടി വന്നത് എന്തുകൊണ്ടായിരിക്കും ?

എന്തുകൊണ്ടായിരിക്കും പടികൾ നടന്ന് ഇറങ്ങേണ്ടി വന്നിരിക്കുക?

പട്ടണത്തിലൂടെ കാർ നീങ്ങിയപ്പോൾ അവർ എന്തെലാം കാഴ്ചകളാണ് കണ്ടത് ?
കാർ പാലത്തിലേക്കു കയറിയപ്പോൾ കുട്ടികൾ കണ്ട കാഴ്ചകൾ എന്തെലാമാണ്?
കാർ നാട്ടിൻപുറത്തെത്തിയെന്ന് മനസ്സിലാക്കുന്ന വാക്യങ്ങൾ ഏതൊക്കെ?

കുട്ടികളെ കണ്ടപ്പോൾ അക്കമ്മ എന്താണ് പറഞ്ഞത്?

കുട്ടികൾ പറയുന്ന കാര്യങ്ങൾ ബി ബി യിൽ എഴുതുന്നു.

തുടർന്ന് ഈ വാക്യങ്ങൾ പാഠപുസ്തകത്തിൽ കണ്ടെത്തി അടിവരയിടുന്നു .
ടീച്ചറുടെ വായന ആശയം ക്രമപ്പെടുത്താം പാഠഭാഗത്തെ വാക്യങ്ങൾ എഴുതിയ സ്ട്രിപ്പുകൾ ഗ്രൂപ്പുകൾക്ക് നൽകുന്നു . പാഠഭാഗം വായിച്ച് അതിനനുസരിച്ച് സ്ട്രിപ്പുകൾ ക്രമപ്പെടുത്തി ഒട്ടിക്കുന്നു.

**പറയാം എഴുതാം**

ചിത്ര വായന

എന്തെലാമാണ് ചിത്രത്തിലുള്ളത് ?

പട്ടണത്തിലെ കാഴ്ചകൾ തമ്മിൽ എന്തു വ്യത്യാ സമാണുള്ളത്

നന്ദനയും അഭിനന്ദും പട്ടണത്തിൽ കണ്ട കാഴ്ചകൾ എന്തൊക്കെ ?

നാട്ടിൻപുറത്ത് അവർ എന്തൊക്കെ കണ്ടു?

കുട്ടികൾ പാഠഭാഗം വായിച്ചു കണ്ടെത്തൽ

വ്യക്തിഗത രചന

റാൻഡം അവതരണം

**എഴുതാം**

**വാക്യം മാറ്റിയെഴുതാം**

മൈതാനത്ത് കുട്ടികൾ തലങ്ങനെയും വിലങ്ങനെയും ഓടിക്കളിച്ചു . തൊട്ടുതൊട്ടു വച്ചിരിക്കുന്ന മിഠായിഭരണികൾ കാണാൻ നല ചന്തമുണ്ട് . അടിയിൽ വരയിട്ട വാക്കുകൾക്ക് പകരം തലങ്ങുംവിലങ്ങും ,നിരനിരയായി തുടങ്ങിയ വാക്കുകൾ ഉപയോഗിച്ച് വാക്യങ്ങൾ മാറ്റിയെഴുതൂ..

കൂടുതൽ വാക്കുകൾ ഉണ്ടാക്കൂ..

**ക്രമത്തിൽ പറയാം**

ഒരു ദിവസത്തെ സ്കൂൾ പ്രവർത്തനങ്ങൾ ക്രമത്തിൽ പറയൂ.. കുട്ടികളെക്കൊണ്ട് ക്രമമായി പറയുന്നു .

**ആശയം ക്രമപ്പെടുത്തി എഴുതാം**

പാഠത്തിലുള്ളതുപോലെ ആശയങ്ങൾ ക്രമപ്പെടുത്തി എഴുതൂ..

**വർക്ക് ഷീറ്റ് -1** വിതരണം

**മാണിക്യച്ചെമ്പഴുക്ക- വായന**

കുട്ടികൾ പറയുന്ന കളിനിയമങ്ങൾ ക്രമത്തിലാക്കി ചാർട്ടിൽ എഴുതുന്നു.

എത്ര കളികളുടെ പേരറിയാം ?

അറിയാവുന്ന കളികളുടെ പേര് കുട്ടികൾ വ്യക്തിഗതമായി എഴുതൽ

പലതരം കളികൾ നിങ്ങൾക്കറിയാവുന്ന കളികളുടെ പേര് എഴുതൂ...

ഇക്കൂട്ടത്തിൽ ഉപകരണങ്ങൾ വേണ്ട കളികൾ ഏതെലാം? ഉപകരണങ്ങൾ വേണ്ടാത്ത കളികൾ ഏതെലാം?

ഈ കളികളിൽ രണ്ടുപേർ മാത്രം കളിക്കുന്നവ ഏതൊക്കെ? ഈ കളികൾ അകത്തിരുന്ന് കളിക്കാവുന്ന കളികൾ പ്രത്യേക സ്ഥലത്ത് മാത്രം നടത്താൻ പറ്റുന്ന കളികൾ

ഈ കളികളിൽ രണ്ടു പേർ മാത്രം കളിക്കുന്ന അവ ഏതൊക്കെ? സംഘമായി കളിക്കുന്നവ ഏതൊക്കെ ?

എനിക്കിഷ്ടപ്പെട്ട കളി നിങ്ങൾക്ക് ഇഷ്ടപ്പെട്ട ഒരു കളിയെ കുറിച്ച് വിവരണം എഴുതൂ...

വിവരണത്തിൽ എന്തൊക്കെ ? എത്ര പേർ വേണം ? ഉപകരണങ്ങൾ വേണ്ടതുണ്ടോ ? ഉണ്ടെങ്കിൽ എന്ത് ? എവിടെയാണ് കളിക്കുക ? എന്തെലാമാണ് കളിനിയമങ്ങൾ ? ജയം , തോൽവി എങ്ങനെ ?

**കളിപ്പതിപ്പ് തയ്യാറാക്കാം**

കളികളുടെ ചിത്രങ്ങൾ വിവരങ്ങൾ ചേർത്തു കൊണ്ട് കളി പതിപ്പ് തയ്യാറാക്കുന്നു.

**നമ്മുടെ കുളം വായന**

**ചിത്രീകരിക്കാം**

കഥാപാത്രങ്ങൾ ആരൊക്കെ?

ഓരോരുത്തരും എന്തൊക്കെ പറയണം.

ആഖ്യാനം ആര് അവതരിപ്പിക്കും?

റിഹേഴ്സൽ ഗ്രൂപ്പുകളുടെ അവതരണം വിലയിരുത്തൽ

**പറയാം**

നസ്റത്തിന്റെ ഉപ്പ തയ്യൽക്കാരനാണെന്ന് എങ്ങനെയാണ് മനസ്സിലാവുന്നത്?

**പൊതു ഇടങ്ങൾ**

റോഡ് പൊതുഇടം ആണോ ? എന്തുകൊണ്ട്? ചർച്ച

എലാവർക്കും വരാനും പോകാനും ഒന്നിച്ചിരിക്കാനും പറ്റുന്ന ഇടമാണ് പൊതുഇടങ്ങൾ. റോഡ് പോലെ മറ്റു പൊതു സ്ഥലങ്ങൾ ഉണ്ടോ ? ബസ്

കാത്തിരിപ്പു കേന്ദ്രം മൈതാനം പുഴയുടെ തീരം പൊതുകളിസ്ഥലം കടൽത്തീരം പാർക്ക് ചർച്ച

കുളത്തിന്റെ കരയിൽ വെച്ച ബോർഡ് കണ്ടില്ലേ ?ഇത്തരം ബോർഡുകൾ മറ്റ് എവിടെയൊക്കെ സ്ഥാപിക്കാം?

**ജോലി എന്തെലാം?**

ചിത്രനിരീക്ഷണം ചിത്രത്തിൽ എന്തൊക്കെയുണ്ട് ?ആരെലാമാണുള്ളത്? എന്താണ് അവർ ചെയ്യുന്നത്? ഈ ചിത്രത്തിൽ നിന്ന് ഏതൊക്കെ ജോലി കണ്ടെത്താൻ കഴിയുന്നുണ്ട് ?നോട്ട് പുസ്തകത്തിലേക്ക് സ്വന്തം വീട്ടിൽ ഈ ജോലികളിൽ എന്തെങ്കിലും ചെയ്യുന്നുണ്ടോ? ഇതലാതെ മറ്റെന്തെങ്കിലും ജോലി ചെയ്യുന്നവർ വീട്ടിൽ ഉണ്ടോ ?നിങ്ങളുടെ കൂട്ടുകാരുടെ കുടുംബത്തിൽ എന്തെലാം ജോലി ചെയ്യുന്നവർ ഉണ്ട്,?

**അഭിനയിക്കാം**

തൊഴിലുകളുമായി ബന്ധപ്പെട്ട പ്രവൃത്തികൾ അഭിനയിക്കുന്നു ഡ്രൈവർ കണ്ടക്ടർ തയ്യൽക്കാരൻ കച്ചവടക്കാരൻ

തൊഴിൽ സർവ്വേ വർക്ക് ഷീറ്റ് - 2 വിതരണം കുട്ടികൾ നടത്തിയ സർവ്വേ ക്രോഡീകരണം

ഏതെലാം തൊഴിൽ ചെയ്യുന്നവരാണ് ഉള്ളത് ?ഏറ്റവും കൂടുതൽ പേർ ചെയ്യുന്ന ജോലി എന്ത്? ഏറ്റവും കുറവ് ഏത് ജോലി ചെയ്യുന്നവരാണ്?

**വാക്കുകൾ എഴുതാം -വായിക്കാം**

കണ്ടെത്തിയ വാക്കുകൾ ചേർത്ത് വാക്യങ്ങൾ എഴുതുക

വ്യക്തിഗതമായി കുട്ടികൾ തയ്യാറാക്കുന്ന വാക്യങ്ങൾ ഗ്രൂപ്പിൽ ക്രോഡീകരിക്കുന്നു പൊതു അവതരണം

**കളിപ്പാട്ടം നിർമിക്കാം**

മച്ചിങ്ങ ഉപയോഗിച്ച് വണ്ടി ഉണ്ടാക്കുന്നു

അമ്മമ്മയുടെ നാടിന്റെ പ്രത്യേകതകൾ വായിച്ചല്ലോ നിങ്ങളുടെ നാടിന്റെ പ്രത്യേകതകൾ ഉൾപ്പെടുത്തി ഒരു ലഘു വിവരണം തയ്യാറാക്കൂ..

**പാടാം**

കവിത ഈണത്തിൽ പാടുന്നു ഒറ്റയായും സംഘമായും കവിത ചൊലുന്നു മലനാടിന്റെ എന്തൊക്കെ പ്രത്യേകതകളാണ് കവിതയിൽ പറഞ്ഞിരിക്കുന്നത് ?

**എഴുതാം**

നാടിന്റെ പ്രത്യേകതകൾ ചേർത്ത് ലഘു വിവരണം തയ്യാറാക്കൽ

വർക്ക് ഷീറ്റ് 3 വിതരണം ചെയ്യുന്നു

**എഴുതാം**

കുളവും തോടും, കാടും മേടും ഇതുപോലെ ഒരുമിച്ചു ചേർക്കാവുന്ന മറ്റേതെലാം പദങ്ങൾ നിങ്ങൾക്കറിയാം ? എഴുതൂ രാവുംപകലും ഞാനും നീയും ഇരുളും വെളിച്ചവും പാലും മോരും വെയിലും മഴയും ചക്കയും

**പറയാം എഴുതാം**

ഈ കവിതയ്ക്ക് ഒരു തലക്കെട്ട് നൽകൂ

വർക്ക് ഷീറ്റ് - 4 വിതരണം

**കവിതയുടെ ആശയം സ്വന്തം വാക്യങ്ങൾ പറയൂ, എഴുതൂ..**

വീട് നിർമാണവുമായി ബന്ധപ്പെട്ട തൊഴിലുകൾ ഏതൊക്കെ ?

വീടിന്റെ ചിത്രവുമായി വരച്ച യോജിപ്പിക്കൂ..

........